**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2240** **03-03-2025 - ൽ മറുപടിയ്ക്ക്**

**വനിത സിവിൽ എക്സൈസ് ഓഫീസർ നിയമനം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി. സി. വിഷ്ണുനാഥ്</td><td colspan="2">ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>വനിത സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും അതിലെത്ര നിയമനങ്ങൾ നടന്നിട്ടുണ്ടെന്നുമുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;</td><td>(എ)</td><td>
<table>
<tr><th rowspan="2">ക്രമ നം</th><th rowspan="2">ഡിവിഷൻ</th><th colspan="3">വനിതാ സിവിൽ എക്സൈസ് ഓഫീസർമാർ</th></tr>
<tr><th>നിലവിലെ എണ്ണം</th><th>പിഎസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം</th><th>നിയമന ശുപാർശകളുടെ എണ്ണം</th></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>47</td><td>2</td><td>1</td></tr>
<tr><td>2</td><td>കൊല്ലം</td><td>48</td><td>1</td><td>1</td></tr>
<tr><td>3</td><td>പത്തനംതിട്ട</td><td>38</td><td>0</td><td>0</td></tr>
<tr><td>4</td><td>ആലപ്പുഴ</td><td>37</td><td>6</td><td>3</td></tr>
<tr><td>5</td><td>കോട്ടയം</td><td>51</td><td>0</td><td>0</td></tr>
<tr><td>6</td><td>ഇടുക്കി</td><td>34</td><td>5</td><td>2</td></tr>
<tr><td>7</td><td>എറണാകുളം</td><td>58</td><td>0</td><td>0</td></tr>
<tr><td>8</td><td>തൃശ്ശൂർ</td><td>46</td><td>0</td><td>0</td></tr>
<tr><td>9</td><td>പാലക്കാട്</td><td>55</td><td>0</td><td>0</td></tr>
<tr><td>10</td><td>മലപ്പുറം</td><td>43</td><td>1</td><td>0</td></tr>
<tr><td>11</td><td>വയനാട്</td><td>28</td><td>1</td><td>0</td></tr>
<tr><td>12</td><td>കോഴിക്കോട്</td><td>33</td><td>1</td><td>1</td></tr>
<tr><td>13</td><td>കണ്ണൂർ</td><td>49</td><td>0</td><td>0</td></tr>
<tr><td>14</td><td>കാസർഗോഡ്</td><td>26</td><td>0</td><td>0</td></tr>
<tr><td colspan="2">ആകെ</td><td>593</td><td>17</td><td>08</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>സംസ്ഥാനത്ത് വനിത സിവിൽ എക്സൈസ് ഓഫീസർമാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;</td><td>(ബി)</td><td>എക്സൈസ് സർക്കിൾ ഓഫീസുകളിൽ വനിതാ എക്സൈസ് ഓഫീസർ തസ്തിക നിലവിലില്ല.വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| (സി) | എക്സൈസ് സർക്കിൾ ഓഫീസുകളിൽ വനിത എക്സൈസ് ഓഫീസർ തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഓഫീസുകളിൽ വനിത എക്സൈസ് ഓഫീസർ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | എക്സൈസ് സർക്കിൾ ഓഫീസുകളിൽ വനിതാ എക്സൈസ് ഓഫീസർ തസ്തിക നിലവിലില്ല.വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | പുതിയ റേഞ്ച് ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ഡി) | പുതിയ എക്സൈസ് റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതിനുള്ള ശുപാർശഎക്സൈസ് കമ്മീഷണർ ലഭ്യമാക്കുകയും ആയത് നിലവിലെ സാമ്പത്തിക പരിസ്ഥിതിയിൽ പരിഗണിക്കുവാൻ കഴിയുകയില്ലായെന്ന് 05.11.2023 ലെ നികുതി- F3/272/2023-നികുതി നമ്പർ സർക്കാർ കത്ത് പ്രകാരം എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുള്ളതാണ്. |
| (ഇ) | നിലവിലുള്ള റേഞ്ച് ഓഫീസുകളിൽ വനിതാ പ്രാതിനിധ്യം കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (ഇ) | എക്സൈസ് വകുപ്പിൽ വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതിനായി എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയ തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിഗണിക്കുന്നതിന് നിർവ്വാഹമില്ലെന്ന് എക്സൈസ് കമ്മീഷണറെ അറിയിക്കുകയും ചെയ്തിരുന്നു.എന്നാൽ വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി 16.04.2025-ൽ അവസാനിക്കുന്ന സാഹചര്യത്തിൽ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ വീണ്ടും പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ